**KERALA HEALTH RESEARCH AND WELFARE SOCIETY**
(An Institution fully owned by the Government of Kerala)

Regional Manager
Medical College Campus
Gandhi Nagar
Kottayam– 686 008

Telephone: 0481 2597723
Email: rmkottayam12@gmail.com
8848528591

## ദർഘാസ്/ ലേല പരസ്യം (RM/KTM/SR/25-26/29/12/25)

മാവേലിക്കര ജില്ലാ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്- പേവാർഡിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴക്കമുള്ളതും നിലവിൽ ഉപയോഗശൂന്യവുമായ കെ.എച്ച്.ആർ.ഡബ്ലിയു.എസ് - ന്റെ പേവാർഡ് കെട്ടിടം പൊളിച്ചു നീക്കുന്നതിന് ഉത്തരവ് നമ്പർ DB2-3480/2025-26 കെ.എച്ച്.ആർ.ഡബ്ല്യൂ. എസ് - തീയ്യതി:17.11.2025 പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ, ടി കെട്ടിടം പൊളിച്ചുമാറ്റുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. നിരതദ്രവ്യം അടച്ച് യഥാസമയം മുദ്രവച്ച ടെണ്ടർ രേഖകൾ സമർപ്പിക്കുന്നവർക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്- മാനേജിങ് ഡയറക്ടറുടെ അന്തിമ തീരുമാനത്തിന് വിധേയമായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്- പേവാർഡ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുവാദം നൽകി ഉത്തരവ് നൽകുന്നതാണ്. അപൂർണ്ണമായ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

| | |
|---|---|
| ടെണ്ടർ ഫോറത്തിന്റെ വില | -850/- രൂപ +18% ജി എസ് ടി |
| ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന തുടങ്ങുന്ന തിയതി | -12.01.2026 11.00 എ.എം |
| ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന അവസാന തിയ്യതി | -22.01.2026 5.00 പി .എം |
| ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തിയ്യതി | -27.01.2026 3.00 പി .എം |
| ഏറ്റവും കുറഞ്ഞ ലേല/ ടെണ്ടർ തുക | -4,10,000/- രൂപ + ജി എസ് ടി |
| നിരതദ്രവ്യം | -8500/- രൂപ |

OFFICE OF THE REGIONAL MANAGER
KOTTAYAM - 686 008
DATE: ..................
KERALA HEALTH RESEARCH AND WELFARE SOCIETY

റീജിയണൽ മാനേജർ

**KERALA HEALTH RESEARCH AND WELFARE SOCIETY**
(An Institution fully owned by the Government of Kerala)

Regional Manager
Medical College Campus
Gandhi Nagar
Kottayam– 686 008

Telephone: 0481 2597723
Email: rmkottayam12@gmail.com

# വ്യവസ്ഥകൾ

1. ടെണ്ടർ എസ്റ്റിമേറ്റ് തുക രൂപ 4,10,000 ആയി നിജപ്പെടുത്തിയിരിക്കുന്നു.
2. ടെൻഡർ ഫോമുകൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്- കോട്ടയം റീജിയണൽ മാനേജരുടെ ആഫീസിൽ നിന്നും 12.01.2025 മുതൽ 22.01.2026 വരെ നേരിട്ട് പ്രവർത്തി സമയത്ത് വാങ്ങാവുന്നതാണ്.
3. 28.01.2026 രാവിലെ 11.00 മണിക്ക് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ മുദ്ര പതിപ്പിച്ച ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്നതാണ്.
4. ടെണ്ടറിനൊപ്പം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മെഡിക്കൽ കോളേജ് കോട്ടയം ബ്രാഞ്ചിൽ മാറാവുന്ന രൂപ 8500/- ന്റെ ഡി ഡി റീജിയണൽ മാനേജർ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് കോട്ടയം പേരിൽ ഉൾപ്പെടുത്തിയിരിക്കണം.
5. ടെണ്ടറുകൾ പൂർണ്ണമായും വ്യക്തമായും പൂരിപ്പിക്കേണ്ടതാണ്. ടെണ്ടർ അപേക്ഷയുടെ പുറത്ത് ടെണ്ടർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്. G.S.T Registration സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
6. ടെണ്ടറിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ ആഫീസ് സമയത്ത് നേരിട്ട് അറിയാവുന്നതാണ്.
7. ടെണ്ടർ നടപടികൾ മാറ്റി വയ്ക്കുന്നതിനോ പുനർ ലേലം ചെയ്യുന്നതിതിനോ തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം റിജിയണൽ മാനേജരിൽ നിക്ഷിപ്തമായിരിക്കും.
8. വ്യക്തതയില്ലാത്തതും പൂർണ്ണമായും വിവരങ്ങൾ രേഘപ്പെടുത്താത്തതും കൃത്യമായ തുകയ്ക്കുള്ള ഡി. ഡി ഇല്ലാതെയും സമർപ്പിക്കുന്ന ടെണ്ടറുകൾ അസാധുവാക്കുന്നതാണ്.
9. ആഫീസ് പ്രവർത്തി സമയത്ത് പ്രസ്തുത കെട്ടിടം കണ്ട് ബോധ്യപ്പെടുന്നതിന് അവസരം നൽകുന്നതാണ്.
10. പൊളിച്ചുമാറ്റുമ്പോൾ മറ്റ് കെട്ടിടങ്ങൾക്ക് കേടുപാട്, ആശുപത്രി സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശം എന്നിവ ഉണ്ടായാൽ നിയമനുസൃത നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും.

11. തറ നിരപ്പിൽ പൊളിച്ചു മാറ്റിയ കെട്ടിടങ്ങൾ / ടെണ്ടർ ലേല അംഗീകാരം ലഭിച്ച വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് സൈറ്റ് ക്ലിയർ ആക്കി തരേണ്ടതാണ്.

12. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് റീജിയണൽ മാനേജരിന്റെ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചതിന് ശേഷം മാത്രമേ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ തുടങ്ങുവാൻ പാടുള്ളൂ. നിശ്ചിത സമയത്തിനകം കെട്ടിടം പൊളിച്ചു മാറ്റുന്നതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം ആയത് കരാർ വ്യവസ്ഥയുടെ ലംഘനമായി സുരക്ഷിത നിക്ഷേപവും നിരതദ്രവ്യവും സർക്കാരിലേയ്ക്ക് കണ്ടു കെട്ടുന്നതാണ്. ,

13. തറനിരപ്പിൽ നിന്ന് പൊളിച്ചുമാറ്റുമ്പോൾ മണൽ തുടങ്ങിയ മൈനർ മിനറൽസ് ഏതെങ്കിലുമുണ്ടെങ്കിൽ അവയിൽ സർക്കാർ രേഖപ്പെടുത്തിയ റോയൽറ്റിയും മറ്റ് ഫീസുകളും നിയമാനുസൃതമായി ആലപ്പുഴ മൈനിംഗ് ആൻഡ് ജിയോളജി ആഫീസിൽ ഒടുക്കിയതിനു ശേഷം മാത്രമേ ഇവിടെ നിന്നും നീക്കം ചെയ്യാൻ പാടുള്ളൂ . റോയൽറ്റി അടച്ച രേഖകൾ ആരോഗ്യ വകുപ്പിനെ ബോധ്യപ്പെടുത്തി നിയമാനുസൃതമായി പാസുകൾ സമ്പാദിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

14. ലേലം ഉറപ്പിച്ച ടി ജോലി ഏറ്റെടുത്തിരിക്കുന്ന വ്യക്തി മേൽ കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ 40ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

റീജിയണൽ മാനേജർ

നോട്ടീസ് പതിക്കുന്ന സ്ഥലങ്ങൾ

ജില്ലാ ആശുപത്രി, മാവേലിക്കര
കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്, ഓഫീസ്, തിരുവനന്തപുരം
കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്, ആർ.എം.ഓഫീസ്, കോട്ടയം

OFFICE OF THE REGIONAL MANAGER
KOTTAYAM - 686 008
DATE:
KERALA HEALTH RESEARCH AND WELFARE SOCIETY